**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2108 05.05.2017 ന് മറുപടിയ്ക്ക്.

**വനഭൂമിയിലൂടെ കടന്നുപോകുന്ന റോഡുകൾ മെയിന്റനൻസ് ചെയ്യുന്നത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനഭൂമിയിലൂടെ കടന്നുപോകുന്ന റോഡുകൾ മെയിന്റനൻസ് ചെയ്യുവാൻ വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിലവിൽ ടാറു ചെയ്ത റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സമില്ല. 1980-ന മുമ്പ് നിലവിലുള്ള റോഡുകൾ നിലവിലുള്ള വീതിയിൽ, മരങ്ങൾ മുറിക്കാതെ മെയിന്റനൻസ് ചെയ്യുന്നതിനും തടസ്സമില്ല. തടസ്സം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതുമൂലം ഉൾവനപ്രദേശങ്ങളിലെ ആദിവാസി കോളനികളിലേക്കും മറ്റുമുള്ള റോഡുകൾ വർഷങ്ങളായി മെയിന്റനൻസ് ഇല്ലാതെ കിടക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) & (സി) ആദിവാസി കോളനികളിലേക്ക് വനാവകാശ നിയമ പ്രകാരം ഒരു ഹെക്ടർ വരെ വനഭൂമി റോഡിന് അനുവദിക്കുന്നുണ്ട്. ആദിവാസി കോളനികളിലേക്കും മറ്റുമുള്ള റോഡുകൾ വർഷങ്ങളായി മെയിന്റനൻസ് ഇല്ലാതെ കിടക്കുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ